**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 451** **06-12-2022 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിലെ ചെല്ലൻകാവ് മിനി ഡാം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ധനകാര്യ (ബഡ്ജറ്റ്-കെ) വകുപ്പിന്റെ 30.04.2022-ലെ 3311/2022/ഫിൻ ഉത്തരവ് പ്രകാരം 2020-21 വർഷത്തെ ബഡ്ജറ്റിൽ നാല് കോടി രൂപ അടങ്കൽ തുകയിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ, മലമ്പുഴ മണ്ഡലത്തിലെ ചെല്ലൻകാവ് മിനി ഡാം നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കാൻ മൈനർ ഇറിഗേഷൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എ) | മലമ്പുഴ മണ്ഡലത്തിലെ ചെല്ലൻകാവ് മിനി ഡാം നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കാൻ മൈനർ ഇറിഗേഷൻ വകുപ്പ് ധന വകുപ്പിന് ഫയൽ ലഭ്യമാക്കിയിട്ടില്ല. മേൽ പ്രവൃത്തിയുടെ നടത്തിപ്പിനായി മൈനർ ഇറിഗേഷൻ വകുപ്പ് ചുവടെ രേഖപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>സ്ഥല പരിശോധന നടത്തി പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതിയ്ക്കായി പദ്ധതിരേഖ സമർപ്പിക്കുമ്പോൾ സ്ഥല ലഭ്യതയെക്കുറിച്ച് സാക്ഷ്യപത്രം നൽകേണ്ടതായിട്ടുണ്ട്. എന്നാൽ വില്ലേജ് രേഖകൾ പ്രകാരം ചെല്ലൻകാവ് ഏരിയയുടെ ഉടമസ്ഥാവകാശം സ്വകാര്യ വ്യക്തിയുടെ പേരിലാണെന്ന് പുതുശ്ശേരി വില്ലേജിൽ നിന്ന് അറിയാൻ കഴിഞ്ഞു. ഈ വിവരം ഭൂരേഖ തഹസീൽദാറിനെ അറിയിക്കുകയും, ചെല്ലൻകാവ് ഏരിയയുടെ സർവ്വേ നടപടികൾ പൂർത്തിയാക്കി വില്ലേജ് റിക്കാർഡുകളിൽ ഉടമസ്ഥാവകാശത്തിൽ മാറ്റം വരുത്തി നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് തഹസീൽദാർ(ഭൂരേഖ)പാലക്കാടിന് 10/08/2022 തീയതി മൈനർ ഇറിഗേഷൻ ഡിവിഷൻ, പാലക്കാട് കാര്യാലയത്തിൽ നിന്നും കത്ത് നൽകുകയും ചെയ്തു. ഇതിന് മറുപടിയായി പുതുശ്ശേരി സെൻട്രൽ വില്ലേജിൽ ചെല്ലൻകാവ് ഏരിയക്ക് വേണ്ടി ജലസേചന വകുപ്പിന് വേണ്ടി സ്ഥലം അക്വയർ ചെയ്തിട്ടുള്ളതിനു ശേഷം വില്ലേജ് റെക്കോർഡുകളിൽ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല എന്ന് തഹസീൽദാർ (ഭൂരേഖ) പാലക്കാട് അറിയിച്ചിട്ടുണ്ട്. വില്ലേജ് റെക്കോർഡുകളിൽ മാറ്റം വരുത്തുന്ന നടപടികൾ നിർവഹിക്കുന്നതിന് താലൂക്ക് സർവ്വെയർ പുതുശ്ശേരി സെൻട്രലിനെ ചുമതലപ്പെടുത്തിയതായും റവന്യൂ വകുപ്പിൽ നിന്നും ടി ഏരിയയുടെ അതിർത്തി നിർണ്ണയിച്ച് വില്ലേജ് റിക്കോർഡുകളിൽ മാറ്റം |

| | | | |
|---|---|---|---|
| | | | വരുത്തി നൽകുന്ന മുറയ്ക്ക് തയ്യാറാക്കിയ പദ്ധതിരേഖ ഭരണാനുമതിയ്ക്കായി സമർപ്പിക്കുന്നതാണെന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ